**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1624** **19-09-2025 - ൽ മറുപടിയ്ക്ക്**

**പാലാ റിവർവ്യൂ റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലാ റിവർവ്യൂ റോഡ് മെയിൻ റോഡുമായി ചേരുന്ന ആർ.വി. പാർക്കിനു സമീപം കോമളം ഹോട്ടൽ സ്ഥിതി ചെയ്യുന്ന ഏകദേശം രണ്ട് സെന്റ് സ്ഥലം നിർദ്ദിഷ്ട എലവേറ്റഡ് ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്നതിന് നാളിതുവരെ സ്വീകരിച്ച എൽ. എ. നടപടികൾ വ്യക്തമാക്കാമോ; വർഷങ്ങളുടെ കാലതാമസം നേരിടുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി സ്ഥലം ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | **നിർദ്ദിഷ്ട എലവേറ്റഡ് ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 4(1) വിജ്ഞാപനം 22-01-2024-ലെ 270-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.** സാമൂഹ്യ പ്രത്യാഘാത പഠനം, വിദഗ്ധ സമിതി പഠനം എന്നിവ പൂർത്തിയാക്കി 11(1) വിജ്ഞാപനം 01-11-2024-ലെ 3484-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് അംഗീകരിച്ചു. 10/09/2025-ൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും കെട്ടിടത്തിന്റെ വിലനിർണ്ണയിച്ചു ലഭിക്കുകയും, 16/09/25-ൽ വിശദ വിലനിർണ്ണയ പത്രിക (DVS) അംഗീകരിക്കുകയും ചെയ്തു. ചുരുക്കത്തിൽ ഭൂമി ഏറ്റെടുക്കുന്നതുമായ നടപടികൾ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. ഇനി പൊതുമരാമത്ത് വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവാർഡ് പാസാക്കി സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ